**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **09-08-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സൈബർ പാർക്ക് പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത 25 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ എപ്പോൾ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | *കണ്ണൂർ കാസർകോട് ഐ.ടി. പാർക്കുകൾക്കായി ഏറ്റെടുത്ത ഭൂമി വ്യവസായ വകുപ്പിനു കൈമാറുന്ന വിഷയം സംബന്ധിച്ച് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7.10.2021 തീയതിയിൽ ഒരു യോഗം ചേരുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്യുകയുണ്ടായി.*<br><br>*(i) കണ്ണൂർ ജില്ലയിലെ എരമത്തും കാസർഗോഡ് ജില്ലയിലെ ചീമേനിയിലും ഐ.ടി.പാർക്കുകൾ തുടങ്ങുന്നതിനായി ഏറ്റെടുത്ത ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു feasibility Report 2 ആഴ്ച്ചക്കകം സമർപ്പിക്കുന്നതിന് MD, KINFRA യെ ചുമതലപ്പെടുത്തുന്നു.*<br><br>*(ii) കണ്ണൂർ, കാസർഗോഡ് പാർക്കുകളിലെ ഭൂമി നിലവിൽ SEZ പദവിയിലുള്ളതാണോയെന്ന് പരിശോധിക്കേണ്ടതും ആണെങ്കിൽ ഭൂമി non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് MD, KIFRA സമർപ്പിക്കേണ്ടതാണ്.* |
| (ബി) | യോഗ തീരുമാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | **മേൽതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകൾക്കായി ഏറ്റെടുത്ത ഭൂമി ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന റിപ്പോർട്ട് KINFRA ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA-യിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത** |

| | | | |
|---|---|---|---|
| | | | **സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് KINFRA യ്ക്ക് കൈമാറുന്നതിനായി ഐ.ടി വകുപ്പിന്റെ അനുമതിക്കായി ഫയൽ നൽകിയിരുന്നു. നിലവിൽ ഇത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ